അഴിമതി നിരോധനം.

*431. [75] ശ്രീ. പി. നാരായണൻപോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവണ്മെൻറ് ജീവനക്കാരുടെ ഇടയിൽ ഉണ്ടെന്നു പറയുന്ന അഴിമതികളെ നിരോധിക്കുന്നതിനും ഓരോ കാര്യത്തിലും തീരുമാനിക്കാൻ ഉണ്ടാകുന്ന കാലവിളംബത്തെ തടയുന്നതിനും ഒരു ഗവണ്മെൻറ് സെക്രട്ടറിയെ പ്രത്യേകം ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(ബി) അദ്ദേഹം ഇതിനകം എത്ര കേസുകൾ റിപ്പോർട്ടുചെയ്തിട്ടുണ്ട്; അതിൽ എത്രയെണ്ണം തീരുമാനിക്കപ്പെട്ടിട്ടുണ്ട്;

(സി) തീരുമാനിക്കപ്പെട്ടവയിൽ എത്രപേർ ശിക്ഷയ്ക്ക് വിധേയരായി; എത്രപേരെ നിരപരാധികളെന്നുകണ്ട് സർവീസിൽ തുടരാൻ വീണ്ടും അനുവദിച്ചു;

(ഡി) രണ്ടുകൂട്ടത്തിലുമുള്ള ഉദ്യോഗസ്ഥന്മാർ ആരെല്ലാം; അവർക്ക് ഏതെല്ലാം ഉദ്യോഗങ്ങൾ വഹിച്ചു; ഇന്നതെല്ലാം വഹിക്കുന്നു;

(ഇ) ശിക്ഷ അനുഭവിച്ചവരുടെ പേരുവിവരവും അവർക്കു നൽകിയ ശിക്ഷകളുടെ സ്വഭാവവും എന്തായിരുന്നു?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉണ്ട്.

(ബി) അഴിമതിനിവാരണ ഡിപ്പാർട്ടുമെൻറിൽ സെപ്തംബർ അവസാനംവരെ ആകെ 1689 പരാതികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 459 പരാതികൾ തീരുമാനിക്കപ്പെട്ടിട്ടുണ്ട്.

(സി) തീരുമാനിക്കപ്പെട്ടവയിൽ 450 കേസുകൾ തെളിവില്ലാത്ത കാരണത്താൽ റിക്കാർഡു ചെയ്തു. അവയിൽ ഉൾപ്പെട്ടവർ നിരപരാധികളെന്നു കണ്ട് സർവ്വീസിൽ തുടരാൻ അനുവദിച്ചു. ബാക്കി 9 കേസുകളിൽ 17 പേർ ശിക്ഷയ്ക്ക് വിധേയരായി.

(ഡി, ഇ) നിരപരാധികളെന്നു തീരുമാനിക്കപ്പെട്ടവരുടെ പേരും മറ്റു വിവരങ്ങളും വെളിപ്പെടുത്തുന്നതു് ഉചിതമാണെന്നു ഗവണ്മെൻറ് വിചാരിക്കുന്നില്ല. ശിക്ഷിക്കപ്പെട്ടവരുടെ പേരും മറ്റു വിവരങ്ങളും മേശപ്പുറത്തു വച്ചിട്ടുണ്ട്.*

Overload in Transport buses.

*432 [76] SHRI R. PONNAPPA NADAR: Will the Minister for Works and Transport be pleased to state:

(*a*) whether overload is allowed in State Transport buses; and

(*b*) if so, why overload is not allowed in private buses?

Minister for Works and Transport (SHRI K. I. VELAYUDHAN):

(*a*) No.

* Please See Appendix VIII.

LIBRARY ARCHIVES Kerala Legislative Assembly

(*b*) Does not arise in view of (a) above.

Seniority list of officers and clerks.

*433 [77] SHRI R. PONNAPPA NADAR: Will the Chief Minister be pleased to state:

(*a*) whether seniority list of officers and clerks are prepared yearly and circulated among the staff of the various departments yearly; and

(*b*) if not, will the Government be pleased to prepare such a list in future?

Chief Minister (SHRI PANAMPILLI GOVINDA MENON):

(*a, b*) In the case of Departments wherein integration of services has been finalised, the Departmental heads have been instructed to publish yearly seniority lists.

UNSTARRED QUESTIONS AND ANSWERS

പുതിയ പാലങ്ങൾ.

192. [1] ശ്രീ. ആർ. സുശീലൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

പുളിക്കീഴ്, മാന്നാത്തു്, ആറാട്ടുപുഴ എന്നീപുഴകളിൽ ഓരോ പാലം പണിയേണ്ടതു് ആവശ്യമാണെന്നു് ഗവണ്മെൻറിനു ബോദ്ധ്യമായിട്ടുണ്ടോ?

ഉത്തരം.

ഉണ്ടു്.

മന്ത്രിമാരുടേയും ഉദ്യോഗസ്ഥന്മാരുടേയും ഡൽഹി സന്ദർശനച്ചെലവു്.

193. [2] ശ്രീ. യു. നീലകണ്ഠൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) തിരുവിതാംകൂറും കൊച്ചിയും കൂടി ഇൻഡ്യൻ യൂണിയനിൽ ലയിച്ചതിനുശേഷം ഓരോ വർഷവും മന്ത്രിമാരും ഉദ്യോഗസ്ഥന്മാരും ഡൽഹി സന്ദർശിച്ചതിനു് 1955 ഏപ്രിൽവരെ മൊത്തം ചെലവുള്ളതായെത്ര;

(ബി) ഈ ചെലവിനത്തിൽ എന്തെങ്കിലും കേന്ദ്രത്തിൽനിന്നും ഈ സംസ്ഥാനത്തിനു് ലഭിക്കാനുണ്ടോ?

ഉത്തരം.

(എ) മന്ത്രിമാരുടേയും ഉദ്യോഗസ്ഥന്മാരുടേയും ഡെൽഹിയാത്രയ്ക്കു മാത്രമായിട്ടുള്ള ചെലവുകൾ കണക്കാക്കപ്പെട്ടിട്ടില്ല.

(ബി) ഈ ചെലവിനത്തിലേയ്ക്കു് കേന്ദ്രത്തിൽനിന്നും ഒന്നും ലഭിക്കാനില്ല.

LIBRARY ARCHIVES Kerala Legislative Assembly